**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4660** **13-03-2023 - ൽ മറുപടിയ്ക്ക്**

**വനമേഖലയിലെ ജൈവ സമ്പത്ത്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്തീൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനമേഖലയിലെ ജൈവ സമ്പത്ത് സംരക്ഷിക്കുന്നതിനായി വകുപ്പ് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (എ) | **വനമേഖലയും അതിലുൾപ്പെടുന്ന ജൈവസമ്പത്തും സംരക്ഷിക്കുന്നതിനായി വനംവകുപ്പ് നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.**<br><br>**കൺസർവേഷൻ ഓഫ് ബയോഡൈവേഴ്സിറ്റി പദ്ധതിയിൽ ജൈവവൈവിധ്യ സമ്പത്തിൻറെ സംരക്ഷണമാണ് പ്രധാന ലക്ഷ്യം. വംശനാശം സംഭവിച്ചു കൊണ്ടിരിക്കുന്ന വൃക്ഷ സസ്യാദികളുടെയും ജന്തുജാലങ്ങളുടെയും സംരക്ഷണത്തിനു വേണ്ടിയുള്ള പ്രത്യേക പരിപാടികൾ, ബോധവത്ക്കരണം, പങ്കാളിത്താധിഷ്ഠിതമായ സ്വാഭാവിക പ്രകൃതി വിഭവ പരിപാലനം, രക്ഷാ കേന്ദ്രങ്ങളുടെ അറ്റകുറ്റ പ്പണി, ജലവിഭവ പരിപാലനം, പരിസ്ഥിതി വികസന പ്രവർത്തികൾ, ബോധവത്ക്കരണ ക്യാമ്പുകൾ, വന്യജീവി വനവത്ക്കരണ ആഘോഷങ്ങൾ, സംരക്ഷിത പ്രദേശങ്ങളായ കണ്ടൽക്കാടുകളുടെയും, കാവുകളുടെയും സംരക്ഷണം എന്നിവയും ഇതിൽ ഉൾപ്പെടുന്നു. കേന്ദ്രാവിഷ്കൃത പദ്ധതിയായ ഇൻറഗ്രേറ്റഡ് ഡെവലപ്മെൻറ് ഓഫ് വൈൽഡ് ലൈഫ് ഹാബിറ്റാറ്റ് സ്കീമിൽ വന്യജീവി ആവാസ വ്യവസ്ഥകളുടെയും വന്യജീവികളുടെയും പരിപാലനം, മനുഷ്യ-വന്യജീവി സംഘർഷങ്ങളുടെ ലഘൂകരണം, ജീവനക്കാരുടെ കപ്പാസിറ്റി ബിൽഡിംഗ്, വിദ്യാഭ്യാസവും ബോധവത്ക്കരണവും, സംരക്ഷിത മേഖലക്ക് പുറത്തുള്ള വന്യജീവികളുടെ സംരക്ഷണം തുടങ്ങി വിവിധങ്ങളായ പ്രവർത്തികൾ ചെയ്തുവരുന്നു.**<br><br>**പ്രോജക്ട് ടൈഗർ സ്കീമിൽ സംസ്ഥാനത്തെ രണ്ട് കടുവാ സംരക്ഷണ കേന്ദ്രങ്ങളുടെ സംരക്ഷണവും പരിപാലനവുമാണ് പ്രധാന ലക്ഷ്യം. കടുവകളുടെ ആവാസ വ്യവസ്ഥയുടെ പരിപാലനം, നിരീക്ഷണം, ഇക്കോട്ടൂറിസം, കാര്യശേഷി വികസനം, വേട്ടയാടൽ** |

വിരുദ്ധ പ്രവർത്തനങ്ങൾ എന്നിവ ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

പ്രോജക്ട് എലിഫൻറ് സ്കീമിൽ ആനകളുടെ സംരക്ഷണം, ആവാസ വ്യവസ്ഥകളുടെ മെച്ചപ്പെടുത്തൽ എന്നിവയാണ് പ്രധാനപ്പെട്ട ലക്ഷ്യം. ആനകളുടെ സങ്കേതം മെച്ചപ്പെടുത്തുന്നതിനും വനവാസികളെയും അവരുടെ കൃഷിയിടങ്ങളെയും ആനയുടെ ആക്രമണത്തിൽ നിന്നും സംരക്ഷണം നൽകുന്നതിനുമാണ് പദ്ധതി വിഭാവനം ചെയ്യുന്നത്.

പരിസ്ഥിതി സന്തുലിതാവസ്ഥ വീണ്ടെടുക്കുന്നതിനായി സ്വാഭാവിക വനങ്ങളുടെ പുന:സ്ഥാപന നയം സർക്കാർ ഉത്തരവ് (കൈ) നം.29/2021/വനം, തീയതി 17.12.2021 പ്രകാരം സർക്കാർ അംഗീകരിച്ച് നടപ്പിലാക്കി വരുന്നു. സ്വാഭാവിക വനങ്ങളുടെ പുന:സ്ഥാപനത്തിനായി വനഭൂമിയിൽ വെച്ചുപിടിപ്പിച്ചിട്ടുള്ള അക്കേഷ്യ പോലുള്ള വിദേശയിനം മരങ്ങൾ മുറിച്ചുമാറ്റി അനുയോജ്യമായ മരങ്ങൾ വെച്ചു പിടിപ്പിക്കുന്നതിനുള്ള പദ്ധതി നബാർഡ് സ്കീം വഴി അംഗീകരിച്ച് നടപ്പിലാക്കി വരുന്നു.

ശുഷ്കവനപ്രദേശങ്ങൾ ഉത്തമവനമാക്കുന്നതിനും പൂർവ്വസ്ഥിതിയി- ലാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. തേക്കുതോട്ടങ്ങളിൽ ടെക്നിക്കൽ കമ്മറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സ്വാഭാവികമരങ്ങൾ വച്ചുപിടിപ്പിക്കുന്നതിനുള്ള നടപടികൾ CAMPA പദ്ധതി മുഖേന സ്വീകരിച്ചുവരുന്നു. കൂടാതെ ഗ്രീൻ ഇൻഡ്യ മിഷൻ പോലുള്ള പദ്ധതികൾ പ്രകാരം വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ചുവരുന്നു.

വനം കൈയ്യേറ്റം തടയുന്നതിനായി സർവ്വെ ടീമിൻറെ സഹായത്തോടെ വനാതിർത്തി പുനർനിർണ്ണയിച്ച് സ്ഥിരം ജണ്ടകൾ സ്ഥാപിക്കൽ, പുതിയ കൈയ്യേറ്റങ്ങൾ യഥാസമയം കണ്ടെത്തി ആയത് ഒഴിപ്പിക്കുന്നതിനുള്ള നിയമാനുസൃത നടപടികൾ സ്വീകരിക്കുക തുടങ്ങിയ പ്രവർത്തികൾ സ്വീകരിച്ചു വരുന്നുണ്ട്.

വനസംരക്ഷണത്തിനായി കാട്ടുതീപ്രതിരോധ പ്രവർത്തനങ്ങൾ നടപ്പാക്കിയും ആൻറി പോച്ചിംഗ് ക്യാമ്പ് ഷെഡുകൾ നിർമ്മിച്ചും, പട്രോളിങ്ങിനായി ഗതാഗത സൗകര്യം സുഗമമാക്കുന്നതിൻറെ ഭാഗമായി ട്രക്ക്പാത്തുകൾ യഥാസമയം നവീകരിക്കുകയും, ജല സംരക്ഷണത്തിനായി വനത്തിനകത്ത് ചെക്ക് ഡാമുകൾ, കുളങ്ങൾ എന്നിവ നിർമ്മിച്ചും, മണ്ണൊലിപ്പ്

| | | | |
|---|---|---|---|
| | | | തടയുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പാക്കുകയും ചെയ്തുവരുന്നു.<br><br>കോമ്പൻസേറ്ററി അഫോറസ്റ്റേഷൻ പ്രവർത്തനങ്ങൾ, പ്ലാൻറേഷൻ പ്രവർത്തനങ്ങൾ തുടങ്ങിയവ രേഖപ്പെടുത്തുന്നതിനും, വിവരങ്ങൾ ലഭ്യമാക്കുന്നതിനും ഇ-ഗ്രീൻ വാച്ച് പോർട്ടൽ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.<br><br>ഫോറസ്റ്റ് കൺസർവേഷൻ ആക്റ്റ് 1980 പ്രകാരം വനഭൂമി വനേതര ആവശ്യങ്ങൾക്ക് ലഭ്യമാക്കുന്നതിന് കർശന നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. വനഭൂമി വനേതര ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതിന് കേന്ദ്രാനുമതി ലഭ്യമാക്കുന്നതിന് പരിവേഷ് എന്ന ഓൺലൈൻ പോർട്ടലിലൂടെ അപേക്ഷിക്കുന്നതിന് സൗകര്യമൊരുക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ